**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 233** | **12-07-2022 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം തടയാൻ ബോധവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി.ഉമ തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്കൂളുകളിലും കോളേജുകളിലും ലഹരി ഉപയോഗം വൻതോതിൽ വർദ്ധിക്കുന്നത് യുവജനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സ്കൂളുകളിലും കോളേജുകളിലും ലഹരി ഉപയോഗം വർധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിന് എതിരായി "ജനസഭ" എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. മൂന്നുമണിക്കൂറുള്ള പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യ വശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരി വിരുദ്ധ പ്രതിജ്ഞ തുടങ്ങിയവ സംഘടിപ്പിച്ചു. അതത് നിയമസഭാ മണ്ഡലത്തിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ പങ്കാളിത്തം പ്രസ്തുത പരിപാടിയിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. ലോക ലഹരി വിരുദ്ധ ദിനമായ 2022 ജൂൺ 26ന് 14 ജില്ലാ കേന്ദ്രങ്ങളിൽ യുവജനക്ഷേമ ബോർഡിന് കീഴിലുള്ള ടീം കേരള, യൂത്ത്-യുവ ക്ലബ്ബ്, ട്രാൻസ്ജെന്റർ ക്ലബ്ബ്, അവളിടം യുവതീ ക്ലബ്ബ് എന്നിവയുടെ പങ്കാളിത്തത്തോടെ മയക്കുമരുന്നിനെതിരായി സൈക്കിൾ/ബൈക്ക് റാലി സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ നടപ്പ് സാമ്പത്തിക വർഷം ലഹരി വിരുദ്ധ ബോധവൽക്കരണം ഓരോ ഭവനത്തിലും വ്യക്തിയിലും എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തല കൂട്ടായ്മകൾ, ജാഗ്രതാ സമിതികൾ എന്നിവ രൂപീകരിക്കുന്നുണ്ട്. നാടകം, മാജിക്, ലഘു വീഡിയോകൾ, മറ്റ് കലാരൂപങ്ങൾ എന്നിവ ഉൾപ്പെടുന്ന ജാഗ്രതാ യാത്ര സംസ്ഥാനത്താകമാനം സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ലഹരിക്ക് അടിമപ്പെടുന്നവരെ ലഹരിമുക്ത കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും ചികിത്സ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെയും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സമാന ചിന്താഗതിയുള്ള മറ്റ് സ്ഥാപനങ്ങളുടെയും സഹകരണത്തോടെയും പങ്കാളിത്തത്തോടെയും സംഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br><br>സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗത്തിനെതിരെ കേരള സംസ്ഥാന യുവജന കമ്മീഷൻ കോളേജുകളിലും കോളനികളിലും യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ എന്നിവിടങ്ങളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>കേരള സംസ്ഥാന യുവജന കമ്മീഷൻ ഓരോ ജില്ലയിലും 20 നും 40നും ഇടയിൽ പ്രായമുള്ള ഓരോ ബിരുദധാരികളെ ജില്ലാ കോ-ഓർഡിനേറ്റർമാരായി തെരഞ്ഞെടുത്ത് അവരുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകരായ യുവജനങ്ങളുടെ കൂട്ടായ്മ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. ടി കോ-ഓർഡിനേറ്റർമാർ മുഖേന സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും വിവിധ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |
| (സി) | വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഇടയിൽ ലഹരി ഉപയോഗം കൂടിവരുന്നത് തടയാൻ മാതാപിതാക്കളെ ബോധവൽക്കരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ? | (സി) | ലഹരി ഉപയോഗം തടയുന്നതിനായി 18 നും 40 നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾക്കിടയിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ